PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1953.

Wednesday, the 23rd September 1953.

Vol. IX **OFFICIAL REPORT** **No. 2**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 23rd September 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS:

പി. ഡബ്ലിയു. ഡി. വക്ക്ഷാപ്പ്.

*൪൫. [൮] ശ്രീ. ടി. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുപകൂപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു ഡി. വക്ക്ഷാപ്പ് ഫാക്ടറി ആക്ടനുസരിച്ചു രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു;

(സി) ഫാക്ടറി ആക്ടനുസരിച്ചുള്ള എല്ലാ അവകാശങ്ങളും തൊഴിലാളികൾക്ക് നൽകുന്നുണ്ടോ;

(ഡി) പീസുവക്ക് തൊഴിലാളികൾക്ക് അവകാശപ്പെട്ട ശമ്പള വർദ്ധനയെ സംബന്ധിച്ചു കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇല്ല.

(ബി) പ്രത്യേക കാരണം ഇല്ല. പ്രസ്തുത വിഷയം പരിഗണനയിൽ ഇരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) അവർക്ക് അതിനു അവകാശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഈ സംസ്ഥാനത്തു ഫാക്ടറി ആക്ടിന്റെ നിലവിൽ വന്നിട്ട് എത്ര വർഷമായി ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു സംബന്ധിച്ചുള്ള റിപ്പോർട്ട് വന്നതു് 1948-ൽ ആണെന്നു തോന്നുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : 1948-ൽ ഇവിടെ ഒരു ഫാക്ടറി ആക്ടിന്റെ നിലവിലുണ്ടായിരുന്നതായി അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ടായിരുന്നതായി അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ : ആ ആക്ടിൽ ഗവണ്മെന്റ് ഫാക്ടറികളെ ഒഴിവാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബഹുമാനപ്പെട്ട മെംബർ പറയുന്നതു വിശ്വസിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെന്റ് ഫാക്ടറികളും ഈ നിയമം അനുസരിച്ചു രജിസ്റ്റർ ചെയ്യാതിരിക്കുന്നതുകൊണ്ടു് പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പു മാനേജ്മെന്റിന്റെ പേരിൽ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു വീഴ്ചയാണെന്നു കാണുന്ന പക്ഷം നടപടി എടുക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : പീസുവർക്ക് തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടിയുള്ള അവധിക്ക് അവകാശമില്ലെന്നു പറഞ്ഞല്ലൊ. അതെന്തുകൊണ്ടാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോഴത്തെ പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പ് നിയമമനുസരിച്ചു അവർക്ക് അവകാശമില്ലെന്നാണ് പറഞ്ഞതു്.

ശ്രീ. ടി. കെ. ദിവാകരൻ : പീസുവർക്ക് തൊഴിലാളികൾ എല്ലാം മസ്റ്റർറോൾ തൊഴിലാളികളാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മസ്റ്റർറോൾ തൊഴിലാളികൾമാത്രമാണോയെന്നു പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : അവർക്ക് ബോണസ് നൽകുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു ഒരു പ്രത്യേക ചോദ്യമായി അയച്ചാൽ മറുപടി പറയാം.

ശ്രീ. ടി. കെ. ദിവാകരൻ : ഇതു ഫാക്ടറി ആക്ടനുസരിച്ചു രജിസ്റ്റർ ചെയ്യണമെന്നു ഞാനെങ്കിലും എഴുതി അയച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ടു്, അതിലേക്ക വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുന്നുവെന്നു പറഞ്ഞുകഴിഞ്ഞുവല്ലൊ. എന്തെല്ലാം വ്യവസ്ഥകളിലാണു വേണ്ടതു എന്നുള്ള കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഇരുപതോ, ഇരുപതിൽ കൂടുതലോ, ആളുകൾ ജോലിചെയ്യുന്ന ഫാക്ടറികൾ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യണമെന്നുള്ളപ്പോൾ, ഈ വർക്ഷാപ്പുമാത്രം രജിസ്റ്റർ ചെയ്യാതിരിക്കുന്നത് മാനേജ്മെന്റിന്റെ നിയമലംഘനമല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പി. ഡബ്ലിയു. ഡി. വർക്ഷാപ്പ് മാനേജ്മെന്റ് നിയമലംഘനം നടത്തിയിട്ടുണ്ടെങ്കിൽ അതിനു വേണ്ട നടപടി എടുക്കാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ വർക്ഷാപ്പിനെ ആക്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഒഴിവാക്കിയിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ആക്ടനുസരിച്ചു ഫാക്ടറി ഇൻസ്പെക്ടർ ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ?

Mr. Speaker: That has already been answered. A report has been made by the Inspector and that is under the consideration of Government.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഫാക്ടറി ആക്ടനുസരിച്ചു രജിസ്റ്റർ ചെയ്യേണ്ടതുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു രജിസ്റ്റർ ചെയ്യിക്കാനുള്ള ഉദ്യോഗസ്ഥന്മാരല്ലേ ഫാക്ടറി ഇൻസ്പെക്ടറന്മാർ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് ഇതു സംബന്ധിച്ചുള്ള നിയമങ്ങൾ നോക്കിയിട്ടേ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. എൻ. രാജഗോപാലൻ നായർ : വർക്ഷാപ്പുകളെ സംബന്ധിച്ചുള്ള നിയമങ്ങൾ ഒന്നും നോക്കാതെയാണോ പി. ഡബ്ലിയു. ഡി. മന്ത്രി ഇപ്പോൾ ഉത്തരം പറയുവാൻ വന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചോദിച്ച ചോദ്യത്തിനു ഉത്തരം പറയുവാൻ ആവശ്യമുള്ള കാര്യങ്ങൾ നോക്കിക്കൊണ്ടാണു വന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ : രജിസ്റ്റർ ചെയ്യുന്ന കാര്യത്തിനു ഫാക്ടറി ഇൻസ്പെക്ടർ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : നിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്നു അന്വേഷിച്ചു പറയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ : തൊഴിലാളികളിൽ നിന്നോ, തൊഴിലാളി സംഘടനകളിൽ നിന്നോ ഇക്കാര്യത്തിനു നിവേദനം കിട്ടിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : എന്നാണു കിട്ടിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജഗോപാലൻ നായർ : അതനുസരിച്ച് എന്ത് നടപടി എടുത്തു?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിലേക്ക വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണെന്നു് ഞാൻ ആദ്യം പറഞ്ഞുകഴിഞ്ഞതല്ലോ.

ശ്രീ. എം. എം. അബ്ദുൽ ഖാദർ : പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പ്, ഫാക്ടറി ആക്ടറ് അനുസരിച്ചു നിയമം ലംഘിച്ചതിനു നടപടി എടുക്കേണ്ടതു പി. ഡബ്ലിയു. ഡി. വകുപ്പു മന്ത്രിയുടെ പേരിലോ, വർക്ഷാപ്പു സൂപ്രണ്ടിന്റെ പേരിലോ?

Mr. Speaker : Order, order. All those things are in the Factory Act. That will be acted upon. Next question, Mr. Divakaran

ഭവനനിർമ്മാണപദ്ധതി.

*൫൬. [൨] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ചു് കേന്ദ്രഗവണ്മെന്റിൽനിന്നും ഫണ്ട് ൧൯൫൨-൫൩-ൽ സംസ്ഥാനഗവണ്മെന്റിനു് ലോണായോ, ഗ്രാന്റായോ എത്ര രൂപ ലഭിച്ചിട്ടുണ്ടു് ;

(ബി) കേന്ദ്രഗവണ്മെന്റു് വാഗ്ദാനം ചെയ്തിരുന്ന തുകയിൽ എന്തെങ്കിലും ലാപ്സായി പോയിട്ടുണ്ടോ ;

(സി) ഫണ്ട് ൧൯൫൩-൫൪-ൽ കേന്ദ്രഗവണ്മെന്റിൽനിന്നും സഹായധനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ സ്കീം അനുസരിച്ചു് ഭവനനിർമ്മാണത്തിനു് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്തെല്ലാം കേന്ദ്രത്തിൽ എത്ര വീടുകൾവീതം?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ചു കേന്ദ്രഗവണ്മെന്റിൽനിന്നും ഫണ്ട് ൧൯൫൨-൫൩-ൽ സംസ്ഥാനഗവണ്മെന്റിനു് ലോണായോ, ഗ്രാന്റായോ ധനസഹായം ലഭിച്ചിട്ടില്ല.

(ബി) കേന്ദ്രഗവണ്മെന്റു് വാഗ്ദാനംചെയ്ത തുകയിൽനിന്നും എന്തെങ്കിലും ലാപ്സായിപ്പോയിട്ടുണ്ടോ എന്നാണു ചോദ്യം. അങ്ങനെ വാഗ്ദാനമുണ്ടായിട്ടില്ല.

(സി) ഫണ്ട് ൧൯൫൩-൫൪-ൽ കേന്ദ്രഗവണ്മെന്റിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല.

(ഡി) ഈ സ്കീം അനുസരിച്ചു ഭവനനിർമ്മാണത്തിനുവേണ്ട നടപടി എടുത്തിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly